LIBRARY ARCHIVES Kerala Legislative Assembly

ഭൂപരിഷ്കരണ നിയമ ഭേദഗതി

96 [1105] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മാറ്റങ്ങളാണ് ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്തുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കശുമാവ് തോട്ടങ്ങളെ ഭൂപരിധിയിൽ നിന്ന് ഒഴിവാക്കാനും ഒരു തോട്ടവിള കൃഷി ചെയ്യുന്ന ഭൂമി മറ്റൊരു തോട്ടവിള കൃഷി ചെയ്യുന്നത് അനുവദിക്കുവാനും ജൻമിമാരാൽ കബളിപ്പിക്കപ്പെട്ട് മിച്ചഭൂമി ആർജ്ജിച്ച ചെറുകിട കർഷകർക്ക് പ്രസ്തുത ഭൂമിയിൽ സ്ഥിരാവകാശം നൽകുന്നതിനും മതസ്ഥാപനങ്ങൾക്ക് നൽകേണ്ടതായ വാർഷിക അനുവിറ്റി വർദ്ധിപ്പിക്കുന്നതിനുമാണ് ഭേദഗതികൾകൊണ്ട് ഉദ്ദേശിക്കുന്നത്.

മണ്ണ് പരിശോധനാ സംവിധാനങ്ങൾ

97 [1106] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, വി. ബാലറാം:
,, കെ. മുഹമ്മദാലി:
,, ജോർജ് ജെ. മാത്യു:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പരിശോധന നടത്തി ഏതെല്ലാം രാസഘടകങ്ങൾ കണ്ടുപിടിക്കാനുള്ള സൗകര്യം കാർഷിക സർവ്വകലാശാലയിലും കൃഷിവകുപ്പിലും ലഭ്യമാണ്;

(ബി) അറ്റോമിക് സ്പെക്ട്രോമീറ്റർ എന്ന ഉപകരണമുപയോഗിച്ച് മണ്ണിലെ ഏതെല്ലാം രാസഘടകങ്ങളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുവാൻ കഴിയും;

(സി) ഈ ഉപകരണം കൃഷിവകുപ്പും കാർഷിക സർവ്വകലാശാലയും സ്വന്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിലയെത്ര എന്നും ഇത് വാങ്ങിയത് എന്നാണെന്നും അറിയിക്കുമോ;

(ഡി) എന്നുമുതൽ പ്രവർത്തിക്കുവാൻ തുടങ്ങിയെന്നും ഇത് ഉപയോഗിച്ച് എത്ര സാമ്പിളുകൾ പരിശോധിച്ചുവെന്നും വ്യക്തമാക്കുമോ;